A

بسم الله الرحمن الرحيم

# LEARN THE QUR-AN

| REG. NO. | | | | |
|---|---|---|---|---|

VII[th] EXAMINATION FOR PART 21 & 22

2007 JANUARY

| Sign of Invigilator |
|---|
| |

(റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെന്റർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)

## പരീക്ഷാ ചോദ്യക്കടലാസ്

**ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

- റജിസ്ററർ നമ്പർ മുകളിലെ കോളത്തിൽ വ്യക്തമായി എഴുതുക.
- ഇൻവിജിലേററർ നിശ്ചിത സ്ഥാനത്ത് ഒപ്പ് വെച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
- ശരിയായ ഉത്തരത്തിനു നേരെ മാത്രം ✓ അടയാളപ്പെടുത്തുക; വെട്ട്, തിരുത്ത് ഒഴിവാക്കുക.
- പരീക്ഷാ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുക.

**സമയം: 2 മണിക്കൂർ.** **മാർക്ക് :100**

1. بلدة طيبة "ശുദ്ധമായ ഒരുരാജ്യം" (സബഅ്:15) ഏതാണാ രാജ്യം ?

| A | മക്ക | B | മദീന | C | ഫലസ്തീൻ | D | യമൻ |
|---|---|---|---|---|---|---|---|

2. "നീ എന്റെ മാതാവിന്റെ മുതുക് പോലെയാണ്" എന്ന് ഭാര്യയോട് പറയുന്നത് ______ എന്നപേരിൽ അറിയപ്പെടുന്നു.

| A | ഖുൽഅ് | B | ഫസ്ഖ് | C | ളിഹാർ | D | നികാഹ് |
|---|---|---|---|---|---|---|---|

3. ലുഖ്മാൻ എന്ന തത്വചിന്തകനെ മറ്റു തത്വചിന്തകരിൽ നിന്നും വേർതിരിച്ച വിജ്ഞാനത്തിന്റെ രത്നച്ചുരുക്കം ?

| | | | |
|---|---|---|---|
| A | അല്ലാഹുവിന് നന്ദി ചെയ്യണം | B | മാതാപിതാക്കളെ അനുസരിക്കണം. |
| C | മാതാവിന് നന്ദികാണിക്കണം. | D | പരലോകത്തെ സ്മരിക്കണം. |

4. "മലക്കുകളെ രണ്ടും മൂന്നും നാലും അതിനേക്കാൾ അധികവും ചിറകുകളുള്ള രൂപത്തിൽ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു" ഇതിൽ നിന്നും മനസിലാകുന്നത്

| | |
|---|---|
| A | മനുഷ്യരെപ്പോലെ സൃഷ്ടികളല്ല മലക്കുകൾ |
| B | അല്ലാഹുവിന് മലക്കുകളുടെ വൻ സൈന്യവ്യൂഹമുണ്ട് |
| C | അല്ലാഹു എല്ലാറ്റിനും കഴിവുകളുള്ളവനാകുന്നു |
| D | ചിറകില്ലാതെ സഞ്ചരിക്കാൻ മലക്കുകൾക്ക് സാധ്യമല്ല |

5. "നിങ്ങൾക്ക് നാം നൽകിയിട്ടുള്ള വസ്തുവിൽ നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയിട്ടുള്ളവരിൽ", റൂം:28 - ആരാണ് വലതുകൈകൾ ഉടമപ്പെടുത്തിയവർ?

| A | ഭാര്യമാർ | B | ഭർത്താക്കൾ | C | കീഴിൽ കഴിയുന്നവർ | D | അടിമകൾ |
|---|---|---|---|---|---|---|---|

6. "അഹ്മദും തുർമുദിയും ഉദ്ധരിച്ച ഒരു ഹദീസിൽ "കർമങ്ങളിൽ വെച്ച് ഏതാണ് ഏറ്റവും ശ്രേഷ്ഠമായത് എന്ന്" ചോദിച്ചപ്പോൾ അവിടുന്ന് ഇങ്ങിനെ മറുപടി പറയുകയുണ്ടായി.......

| | |
|---|---|
| A | നമസ്കാരം അതിന്റേതായ സമയങ്ങളിൽ നിർവ്വഹിക്കുക. |
| B | അല്ലാഹുവിന്റെ ദിക്ർ നിമിത്തം നിന്റെ നാവ് നനഞ്ഞവനായി ഇഹലോകം പിരിയുക |
| C | ഇടതുകൈ അറിയാതെ വലത് കൈകൊണ്ട് ദാനം ചെയ്യുക. |
| D | നന്മ നിറഞ്ഞതും സ്വീകാര്യവുമായ ഹജ്ജ് നിർവ്വഹിക്കുക. |

7. മാതാപിതാക്കളെപ്പോലും ധിക്കരിക്കാൻ കൽപ്പിച്ച സന്ദർഭമേത്?

| | | | |
|---|---|---|---|
| A | ദുൻയാവിന്റെ നിയമങ്ങളിൽ | B | അവർ അല്ലാഹുവിൽ പങ്കുചേർക്കുമ്പോൾ |
| C | അവർ അമുസ്‌ലിമായിരിക്കുമ്പോൾ | D | അല്ലാഹുവിൽ പങ്കുചേർക്കാൻ നിർബന്ധിച്ചാൽ |

8. "സ്വർഗത്തിന്റെ പരിമളം ഉഹ്ദ് മലയുടെ അപ്പുറത്ത് നിന്നിതാ കിട്ടിക്കൊണ്ടിരിക്കുന്നു" എന്ന് പറഞ്ഞതാര്?

| | | | |
|---|---|---|---|
| A | അനസുബ്നു മാലിക് | B | അനസുബ്നു നള്റ് |
| C | മാലികുബ്നു അനസ് | D | ഹിളറുബ്നു അനസ് |

9. لا تبديل لخلق الله (ലാ തബ്ദീല ലി ഖൽകില്ലാഹ്) – റൂം:30, ഇതിന മഹാന്മാർ നൽകിയ വ്യാഖ്യാനം?

| | | | |
|---|---|---|---|
| A | അല്ലാഹുവിൻെറ മതത്തിൽ മാറ്റമില്ല | B | അല്ലാഹുവിൻെറ തീരുമാനത്തിൽ മാറ്റമില്ല |
| C | അല്ലാഹുവിൻെറ വിധിയിൽ മാറ്റമില്ല | D | അല്ലാഹുവിൻെറ അസ്തിത്വത്തിൽ മാറ്റമില്ല |

10. മലക്കുകളിലുള്ള വിശ്വാസം ഈമാൻ കാര്യത്തിൽ പെടുന്നു. എങ്ങിനെയാണ് മലക്കുകളിൽ വിശ്വസിക്കേണ്ടത്?

| | |
|---|---|
| A | ഖുർആനും സുന്നത്തും ബുദ്ധിയും യുക്തിയും അനുസരിച്ച്. |
| B | പുണ്യാത്മാക്കളുടെ വചനങ്ങളും ഖുർആനും സുന്നത്തും അനുസരിച്ച്. |
| C | വേദങ്ങളും പുരാണങ്ങളും ഖുർആനും അനുസരിച്ച് |
| D | ഖുർആനും സുന്നത്തും അനുസരിച്ച് മാത്രം. |

11. "പിന്നീട് അവൻ (അല്ലാഹു) അർശിൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തു" എങ്ങിനെ?

| | |
|---|---|
| A | രാജാക്കന്മാർ സിംഹാസനത്തിൽ ഇരിക്കുന്നതുപോലെ. |
| B | മാലാഖമാർ സിംഹാസനത്തിൽ ഇരിക്കുന്നതുപോലെ. |
| C | ജിന്നുകൾ സിംഹാസനത്തിൽ ഇരിക്കുന്നതുപോലെ. |
| D | ഇതിൻെറ സ്വഭാവവും വിധവും നമുക്കറിഞ്ഞുകൂട. |

12. ആദം(അ)ൻെറ ഉത്ഭവം ________ൽ നിന്നാകുന്നു?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വെള്ളത്തിൽ | B | ഇന്ദ്രിയത്തിൽ | C | കളിമണ്ണിൽ | D | ബീജത്തിൽ |

13. ജിന്നുകളെ തൊഴിലാളികളായി കീഴ്പ്പെടുത്തിക്കൊടുക്കപ്പെട്ട പ്രവാചകൻ ആര്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സരിയ്യ(അ) | B | മുഹമ്മദ്(സ) | C | ദാവൂദ്(അ) | D | സുലൈമാൻ(അ) |

14. സൂറത്ത് ലുഖ്മാനിൽ അല്ലാഹു നന്ദി ചെയ്യാൻ കൽപ്പിച്ചത് ആർക്കെല്ലാം?

| | | | |
|---|---|---|---|
| A | അല്ലാഹുവിനും റസൂലിനും | B | അല്ലാഹുവിനും മാതാവിനും |
| C | അല്ലാഹുവിനും പിതാവിനും | D | അല്ലാഹുവിനും മാതാപിതാക്കൾക്കും |

15. മരണത്തിൻെറ മലക്കിന് ഖുർആനിൽ പറയുന്ന പേരെന്ത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അസ്റാഈൽ | B | ഇസ്റാഈൽ | C | ഇസ്റാഫീൽ | D | മലക്കുൽ മൗത്ത് |

16. "തങ്ങൾ അദൃശ്യം അറിയുന്നവരായിരുന്നെങ്കിൽ നിന്ദ്യമായ ഈ ശിക്ഷയിൽ കഴിഞ്ഞുകൂടേണ്ടി വരുമായിരുന്നില്ല" (സബഅ്:14), സുലൈമാൻനബി(അ)യുടെ മരണവാർത്തയെ കുറിച്ച ഈ വചനത്തിൽ നിന്ന് മനസിലാകുന്നത്?

| | | | |
|---|---|---|---|
| A | നബിമാർക്ക് അദൃശ്യം അറിയും. | B | അദൃശ്യകാര്യങ്ങൾ അല്ലാഹുവിനേ അറിയൂ |
| C | ഔലിയാക്കൾക്ക് അദൃശ്യം അറിയും | D | ജിന്നുകൾക്ക് അദൃശ്യജ്ഞാനമുണ്ടായിരുന്നു. |

17. സ്ത്രീകളോട് "നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിയിരിക്കണം" എന്ന ഖുർആൻ വചനത്തിൻെറ ഉദ്ദേശ്യമെന്ത്?

| | |
|---|---|
| A | സ്ത്രീകൾ വീടുവിട്ട് പുറത്തുപോകൽ നിഷിദ്ധമാണ്. |
| B | സ്ത്രീകൾ പള്ളിയിൽ പോകുന്നത് നിഷിദ്ധമാണ്. |
| C | സ്ത്രീകൾ നഗ്നത മറയ്ക്കാതെ പുറത്തുപോകരുത്. |
| D | സ്ത്രീകൾ പുരുഷന്മാരെ അനുഗമിച്ച് എവിടേയും പോകരുത്. |

18. "മനുഷ്യരേ! അല്ലാഹുവിൻെറ അനുഗ്രഹം ഓർക്കുക, അവനല്ലാതെ സ്രഷ്ടാവുണ്ടോ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത്.. .. (ഫാത്വിർ:3) ഈ വചനപ്രകാരം ഉപജീവനം നൽകപ്പെടുന്നത്....

| | |
|---|---|
| A | ഓരോരുത്തരുടേയും ബുദ്ധിയും പരിശ്രമവും അനുസരിച്ചാണ്. |
| B | അല്ലാഹു അനുഗ്രഹിച്ച് ആദരിക്കുന്നതിൻെറ തോതനുസരിച്ചാണ്. |
| C | സ്വാലിഹുകളും ശുഹദാക്കളും മുഖേനെയാണ്. |
| D | മനുഷ്യനെ സൃഷ്ടിച്ച അല്ലാഹുവിൻെറ ഉദ്ദേശ്യമനുസരിച്ചാണ്. |

19. "അല്ലാഹുവിൻെറ മാർഗത്തിൽ ഒരാൾ ദാനം ചെയ്താൽ അല്ലാഹു അതിനെ വളർത്തിക്കൊണ്ടിരിക്കും......" (ഹദീസ്) - ഏതുപോലെ?

| | |
|---|---|
| A | ഒരു ധാന്യമണി മുളപ്പിച്ച് കതിരുകളാക്കുന്നതുപോലെ. |
| B | ഒരു ബീജം വളർന്ന് മഹാനായ മനുഷ്യനാകുന്നതുപോലെ. |
| C | മന്ദമാരുതൻ കൊടുങ്കാറ്റായി അടിച്ചുവീശുന്നതുപോലെ. |
| D | ഒരു കുതിരക്കുട്ടിയെ വളർത്തിക്കൊണ്ടിരിക്കുന്നതുപോലെ. |

20. അബൂബക്കർ സിദ്ദീഖും(റ) ഉബയ്യുബ്നുഖലഫും നടത്തിയ പന്തയത്തിൽ അബൂബക്കർ സിദ്ദീഖിൻെറ(റ) വാദപ്രകാരം വിജയം കൈവരുന്നത്........

| | | | |
|---|---|---|---|
| A | മുസ്ലിംകൾക്ക് | B | വേദക്കാരായ ക്രിസ്ത്യാനികൾക്ക് |
| C | പേർഷ്യക്കാർക്ക് | D | ക്രിസ്ത്യൻ-മുസ്ലിം സഖ്യത്തിന് |

21. അല്ലാഹുവിനെകൂടാതെയുള്ളവരെ രക്ഷകർത്താക്കളാക്കി തേടപ്പെടുന്നവരുടെ ദൗർബല്യങ്ങൾക്ക് ഉദാഹരണമായി അല്ലാഹു പഠിപ്പിക്കുന്ന(പാഠഭാഗത്തിലെ) ഏറ്റവും ഉചിതമായ ഉദാഹരണമേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വികലാംഗൻ | B | മരീചിക | C | എട്ടുകാലിവല | D | പാറപ്പുറത്തെ വിത്ത് |

22. "അല്ലാഹു ഇറക്കിയത് പിൻപറ്റണമെന്ന് പറയപ്പെട്ടാൽ ഞങ്ങൾ ഞങ്ങളുടെ പൂർവ്വപിതാക്കളെ പിൻപറ്റുമെന്ന് പറയുന്നതിൽ നിന്ന് മനസിലാകുന്നത്.......

| | |
|---|---|
| A | അവർ പൂർവ്വപിതാക്കളെ അങ്ങേയറ്റം ആദരിച്ചിരുന്നു. |
| B | അവർക്ക് അല്ലാഹുവും പൂർവ്വപിതാക്കളും ഒരേപോലെയായിരുന്നു. |
| C | അവരുടെ ദുഷ്ചെയ്തികൾക്ക് പൂർവ്വപിതാക്കളുടെ മറപിടിക്കുകയാണ്. |
| D | തെളിവില്ലാതെവരുമ്പോൾ മുശ്‌രിക്കുകളുടെ എക്കാലത്തേയും വാദം ആവർത്തിക്കുകയാണ്. |

23. "പിശാച് നിങ്ങളുടെ ശത്രുവാണ്, തീർച്ച" (ഫാത്വിർ:6) – പിശാചിനെ മനുഷ്യൻ പ്രതിരോധിക്കേണ്ടതെങ്ങിനെ?

| | |
|---|---|
| A | പിശാചിന് സേവനടത്തി സ്വാധീനിക്കുക, നല്ല കാര്യങ്ങൾക്കുപയോഗപ്പെടുത്തുക. |
| B | പിശാചിനെ വെറുപ്പിക്കാതെ കാര്യങ്ങൾ നിർവ്വഹിക്കുക, നൂലും ഉറുക്കും കെട്ടുക. |
| C | പിശാചിനെ ശത്രുവായി കരുതി സദാ ജാഗരൂകരാവുക. വഞ്ചിക്കപ്പെടാതിരിക്കുക. |
| D | പിശാചിനെ തത്ക്കാലം സന്തോഷിപ്പിച്ച് രക്ഷപ്പെടുക, അതിരുവിലക്കി കുപ്പി കുഴിച്ചിടുക. |

24. (لهوالحديث) വിനോദവാർത്ത വിലക്കുവാങ്ങുന്നവർ എന്ന ആയത്തിലെ വിനോദവാർത്ത എന്ന'തുകൊണ്ടുള്ള ഉദ്ദേശ്യം സംഗീതമാണെന്ന് സത്യംചെയ്ത് പറഞ്ഞ സഹാബി?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇബ്നുമസ്ഊദ്(റ) | B | ഇബ്നുഅബ്ബാസ്(റ) | C | ഇബ്നുഉമർ(റ) | D | അബൂഹുറൈറ(റ) |

25. മാതാപിതാക്കളോട് പരുഷമായി സംസാരിക്കരുതെന്നും മാന്യമായ വാക്കുകൾ പറയണമെന്നും താഴ്മയോടെ പെരുമാറണമെന്നും അവർക്കുവേണ്ടി പ്രാർഥിക്കണമെന്നും വ്യക്തമാക്കുന്ന ഖുർആൻ വചനമേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | റൂം:23-24 | B | ഇസ്രാഅ്:23-24 | C | ലുഖ്മാൻ:23-24 | D | അഹ്സാബ്:23-24 |

26. വിട്ടുപോയത് ഏത്?:
വിശ്വാസികൾക്ക് ഉത്ബോധനം നൽകപ്പെട്ടാൽ അവർ.. .. .. .. .. (സജദ:15-16)
1. സശ്രദ്ധം കേൾക്കും അനുസരിക്കും അനുഷ്ഠിക്കും
2. ..............................................................
3. ഉറക്കമിളച്ച് നമസ്കാരം ധ്യാനം കീർത്തനം ഇവയിൽ വ്യാപൃതരാകും
4. ഭയത്തിലും ആശങ്കയിലുമായിരിക്കും.
5. അല്ലാഹു നൽകിയതിൽ നിന്നും ചെലവഴിക്കും

| | | | | | | | |
|---|---|---|---|---|---|---|---|
| A | നന്മകൽപ്പിക്കും | B | തിന്മ വിരോധിക്കും | C | ഗർവ്വ് നടിക്കില്ല | D | കാപട്യം ഉണ്ടാകില്ല |

27. "ലോകരിൽ നിന്ന് ഒരാളും തന്നെ നിങ്ങൾക്ക് മുമ്പ് അത് ചെയ്യുകയുണ്ടായിട്ടില്ല", സ്വന്തം ജനതയോട് ആരാണിത് പറഞ്ഞത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ലൂത്ത്നബി(അ) | B | ഇബ്രാഹിംനബി(അ) | C | മൂസാനബി(അ) | D | ഈസാനബി(അ) |

28. "വിനോദവാർത്ത വിലയ്ക്ക് വാങ്ങുന്നവർ"ക്കുള്ള ദോഷഫലങ്ങളിൽ പെടാത്തത് ഏത്?

| | |
|---|---|
| A | ഖുർആനിന്റെ മാർഗദർശനം ലഭിക്കില്ല. |
| B | അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും അകലും. |
| C | മുതൽമുടക്ക് നഷ്ടമായിപ്പോകും. |
| D | അല്ലാഹുവിന്റെ മാർഗദർശനത്തോട് അറപ്പും പരിഹാസവും പ്രതിഷേധവുമുണ്ടാകും |

29. അല്ലാഹുവിന്റെ ജ്ഞാനം എന്നാൽ?

| | |
|---|---|
| A | സർവ്വവസ്തുക്കളേയും കുറിച്ച് മൊത്തത്തിൽ ഉള്ളതാകുന്നു. |
| B | സർവ്വവസ്തുക്കളേയും കുറിച്ച് മലക്കുകൾ നൽകുന്നവിവരമനുസരിച്ചാണ്. |
| C | സർവ്വവസ്തുക്കളുടേയും കർമരേഖയുടെ അടിസ്ഥാനത്തിൽ ഉള്ളതാണ്. |
| D | സർവ്വവസ്തുക്കളേയും കുറിച്ച് കൃത്യവും സൂക്ഷ്മവുമായ ജ്ഞാനമാണ്. |

30. വളർത്തുമക്കളുടെ ഭാര്യാപദം സ്വീകരിച്ചിരുന്നവരെ വിവാഹം ചെയ്യുന്ന'തിലെ വിധിയെന്ത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അനുവദനീയം | B | സുന്നത്ത് | C | നിഷിദ്ധം | D | വെറുക്കപ്പെട്ടത് |

31. "യാതൊരു കൂട്ടർക്ക് പാപമോചനവും വലുതായ പ്രതിഫലവുമുണ്ട്" (ഫാത്വിർ:7) ആർക്ക്?

| | |
|---|---|
| A | നല്ലതാണെന്ന് തോന്നുന്ന എല്ലാം ചെയ്തവർക്ക് |
| B | പുരോഹിതരേയും പണ്ഡിതരേയും അന്ധമായി അനുകരിച്ചവർക്ക് |
| C | മൺമറഞ്ഞ മഹാത്മാരെ ആദരിച്ച് അവരിലൂടെ അല്ലാഹുവിനോട് തേടുന്നവർക്ക്. |
| D | വിശ്വസിച്ച് സൽകർമ്മം ചെയ്യുന്നവർക്ക് |

32. ايمان (അയ്മാൻ) എന്നതിന്റെ അർഥം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വിശ്വാസികൾ | B | നിർഭയത്വം | C | വലതുകൈകൾ | D | സത്യംചെയ്യൽ |

33. "നാം തന്നെയാണ് പ്രമാണം (ഖുർആൻ) അവതരിപ്പിച്ചത്, നാം തന്നെ അത് കാത്തുസൂക്ഷിക്കുന്നതുമാകുന്നു" ഈ സൂക്തം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഹിജ്ർ:9 | B | സജദ:25 | C | അഹ്സാബ്:4 | D | ഫുർഖാൻ:2 |

34. "ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നതുകൊണ്ടുമാത്രം തങ്ങൾ പരീക്ഷിക്കപ്പെടാതെ വിട്ടയക്കപ്പെടുമെന്ന് മനുഷ്യൻ ധരിച്ചുവോ", ഈ വചനത്തിൻെറ വിശദീകരണത്തിലെ തെറ്റായ പ്രസ്ഥാവനയേത്?

| | |
|---|---|
| A | വിശ്വസിച്ചുഎന്ന'തിൻെറ പേരിൽ മാത്രം അല്ലാഹു ആരേയും വിട്ടുകളയുന്നതല്ല. |
| B | വിശ്വാസികൾ പലവിധ പരീക്ഷണങ്ങൾ നേരിടേണ്ടിവരും. |
| C | ക്ഷമയും സഹനവും സ്ഥിരചിത്തതയും വിശ്വാസം യാഥാർഥ്യമാക്കും. |
| D | തെറ്റുകൾ ചെയ്തിട്ടും പരീക്ഷണങ്ങൾക്ക് വിധേയരായിട്ടില്ലാത്തവർക്ക് രക്ഷയുണ്ട് |

35. 'മഫാതീഹുൽ ഗൈബ്' അഥവാ അദൃശ്യജ്ഞാനത്തിൻെറ താക്കോലുകൾ എന്നപേരിലറിയപ്പെടുന്ന സൂക്തങ്ങൾ ഏത് അധ്യായത്തിലാകുന്നു?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ലുഖ്മാൻ | B | സബഅ് | C | ഫാത്വിർ | D | അൻകബൂത് |

36. "അവനെ കണ്ടുമുട്ടുന്ന'നാൾ അവരോടുള്ള അഭിവാദ്യങ്ങൾ 'സലാം' ആണ്", ആരെ? എപ്പോൾ?

| | |
|---|---|
| A | മുഹമ്മദുനബി(സ)യെ ഹൗളുൽ കൗസറിനടുത്ത് |
| B | അല്ലാഹുവിനെ മഹ്ശറയിൽ |
| C | മുഹമ്മദുനബി(സ)യെ റൗളാശരീഫിൽ |
| D | രക്തസാക്ഷിയെ വിചാരണവേളയിൽ |

37. സൂറ:അഹ്സാബിൽ (45-46) നബി(സ)യെ കുറിച്ച് വിശേഷിപ്പിച്ചിട്ടില്ലാത്ത പദമേത്?

| | | | |
|---|---|---|---|
| A | സാക്ഷി | B | പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവൻ |
| C | മുന്നറിയിപ്പുകാരൻ | D | അല്ലാഹുവിലേക്ക് സന്തോഷവാർത്ത അറിയിച്ച് ക്ഷണിക്കുന്നവൻ |

38. "അവർ പറയുന്നു എപ്പോഴാണ് ഈ വിജയം?, നിങ്ങൾ സത്യവാന്മാരാണെങ്കിൽ! (32:28), ഏത് വിയജമാണുദ്ദേശ്യം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മക്കാവിജയം | B | റോമാവിജയം | C | ഇഹ-പരവിജയം | D | പേർഷ്യൻ വിജയം |

39. "ഇതുപോലെത്തന്നെയാണ് പുനരുദ്ധാനം", (ഫാതിർ:9), ഏതുപോലെ?

| | |
|---|---|
| A | നിശ്ചയം നാമൊരുകാര്യമുദ്ദേശിച്ചാൽ 'കുൻ' എന്ന് പറയുമ്പോൾ ഉണ്ടാകുന്നതുപോലെ |
| B | ഉറക്കത്തിൽ മരിച്ചുപോയവരെ വീണ്ടും ജീവൻ തിരിച്ചുനൽകുന്നതുപോലെ. |
| C | കാറ്റയച്ച് മേഘം മുഖേനെ ഉണങ്ങി വരണ്ട ഭൂമി പുനർജീവിപ്പിക്കുന്നതുപോലെ |
| D | മലക്കുകളെ നിയോഗിച്ച് ജീവിതവും മരണവും ബോധനവും നൽകുന്നതുപോലെ |

40. "മൃഗങ്ങളുടെ പ്രസവസമയത്ത് അതിൻെറ കാതുമുറിക്കപ്പെട്ടതായി നിങ്ങൾ കാണുന്നുണ്ടോ?", (ഹദീസ്), ഇതിൽ വ്യക്തമാക്കുന്ന തത്വം?

| | |
|---|---|
| A | ബാഹ്യ ഇടപെടലുകളാണ് ശുദ്ധപ്രകൃതിയിലുള്ള മനുഷ്യനെ വഴിപിഴപ്പിക്കുന്നത്. |
| B | വൈകല്യമില്ലാതെ ജനിക്കുന്ന മൃഗങ്ങളുടെ അംഗങ്ങൾ മുറിച്ച് ന്യൂനമാക്കരുത്. |
| C | ശുദ്ധപ്രകൃതിയിലുള്ളവ മൃഗങ്ങളായിരുന്നാൽപോലും അല്ലാഹുവിൻെറ ദൃഷ്ടാന്തമാണ്. |
| D | മൃഗങ്ങൾക്കും മനുഷ്യർക്കും ജനനസമയത്തേതിനേക്കാൾ മരണസമയത്ത് മാറ്റം സംഭവിക്കുന്നു. |

41. വിശുദ്ധ ഖുർആൻ വായനയുടെ ആവശ്യമെന്ത്?

| | |
|---|---|
| A | ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും അതിൻെറ ബർക്കത്തുകൊണ്ട് ദുആ ചെയ്യുക. |
| B | മൺമറഞ്ഞുപോയവരുടെ പേരിൽ ഓതി സദഖ ചെയ്യുകയും പ്രാർഥിക്കുകയും ചെയ്യുക. |
| C | നമസ്കാരത്തിനും മറ്റു നിർബന്ധമായ ആവശ്യങ്ങളും നിർവ്വഹിക്കുക. |
| D | തത്വങ്ങൾ, ദൃഷ്ടാന്തങ്ങൾ, നിയമനിർദ്ദേശങ്ങൾ മനസിലാക്കുക, ചിന്തിക്കുക |

42. പ്രഥമവും പ്രധാനവുമായ കലിമത്ത് ത്വയ്യിബ് (നല്ലവാക്ക്) ഏതാണ്?

| | | | |
|---|---|---|---|
| A | മുഖപ്രസന്ന'തയോടെയുള്ള സംസാരം. | B | ഒരു വട വൃക്ഷം പോലെ പടർന്ന വാക്ക് |
| C | നബി(സ)യുടെ പേരിലുള്ള സ്വലാത് | D | അല്ലാഹുവല്ലാതെ ആരാധ്യനില്ല എന്നവചനം |

43. "നിശ്ചയമായും ശബ്ദത്തിൽ വെച്ച് ഏറ്റവും വെറുപ്പായത് കഴുതയുടെ ശബ്ദമത്രേ", ഇതിൽ നിന്നും തെറ്റായി ധരിക്കപ്പെടുന്നകാര്യം?

| | |
|---|---|
| A | ഉച്ചത്തിൽ ശബ്ദിക്കുന്നത് വലിയ യോഗ്യതയല്ല. |
| B | മറ്റുള്ളവരെ ശല്യപ്പെടുത്തുന്ന വായാടിത്തം അപഹാസ്യമാണ്. |
| C | കഴുത ശപിക്കപ്പെട്ട ഒരു മൃഗമാണ് |
| D | ശ്രോദ്ധാവിൻെറ ഹിതം നോക്കാതെ സംസാരിക്കരുത്. |

44. "ആരുടെ ഹൃദയങ്ങൾക്കാണ് അല്ലാഹു സീൽ വെക്കുക? (സൂറ:റൂം)

| | |
|---|---|
| A | ജന്മംകൊണ്ട് അവിശ്വാസികൾ ആയവരുടെ |
| B | പ്രവാചകന്മാരെ കേട്ടുകേൾവിയില്ലാത്തവരുടെ |
| C | സത്യം മനസിലാക്കാതെ നട്ടം തിരിയുന്നവരുടെ |
| D | സത്യം അറിയാൻ ശ്രമിക്കാതെ പാരമ്പര്യം മുറുകെ പിടിക്കുന്നവരുടെ |

45. വിവാഹിതരിൽ/ഭാര്യ-ഭർതൃ ബന്ധത്തിന് മുമ്പ് വിവാഹ മോചിതയാകുന്നവളുടെ ഇദ്ദ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 3 ശുദ്ധികാലം | B | 4 മാസം 10 ദിവസം | C | 3 മാസം | D | ഇദ്ദ വേണ്ട |

46. അല്ലാഹുവല്ലാത്ത മറ്റാരും അറിയാത്ത അഞ്ച് (5) അദൃശ്യകാര്യങ്ങൾ സൂറ:ലുഖ്മാനിൽ പറയുന്നു. അവയിൽ 4 എണ്ണം താഴെ പറയുന്നു. വിട്ടുപോയ കാര്യമേത്?

1 ലോകാവസാനം 2 മഴ വർഷിപ്പിക്കു'ത് 3 നാളെ ചെയ്യുന്നകാര്യം 4 എവിടെ വെച്ച് മരിക്കും

| | | | |
|---|---|---|---|
| A | പുനർജജനിക്കുന്ന സ്ഥലവും സമയവും | B | ഗർഭസ്ഥ ശിശുവിൻെറ സ്ഥിതിഗതികൾ |
| C | സ്വർഗത്തിലേക്കോ നരകത്തിലേക്കോ | D | ഓരോരുത്തരുടേയും ആയുസ് എത്ര? |

47. "ദിക്ർ, ദുആ, സൽകർമങ്ങൾ അല്ലാഹുവിലേക്ക് എത്തുന്നു"(ഫാതിർ:10), അവ നിർവ്വഹിക്കുന്ന രീതി?

| | |
|---|---|
| A | കൂട്ടംചേർന്ന് വട്ടമിട്ടിരുന്ന് ശബ്ദം ഉയർത്തിക്കൊണ്ട്. |
| B | പ്രത്യേക രാത്രികളിൽ വീടുകൾ വൃത്തിയായി ഒരുക്കിക്കൊണ്ട്. |
| C | പുരോഹിതന്മാർക്ക് പണവും ഭക്ഷണവും നൽകിക്കൊണ്ട്. |
| D | സ്വയം, എല്ലായ്പ്പോഴും, നബി(സ)യുടെ സുന്നത്ത് അനുസരിച്ചുകൊണ്ട്. |

48. "ഒരു നാഴിക നേരമല്ലാതെ തങ്ങൾ (ഇഹത്തിൽ) കഴിഞ്ഞുകൂടിയിട്ടില്ല" (റൂം:55) അന്ത്യനാളിൽ സത്യം ചെയ്ത് പറയുന്നവർ ആരായിരിക്കും?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സത്യവിശ്വാസികൾ | B | സത്യനിഷേധികൾ | C | കുറ്റവാളികൾ | D | കപടവിശ്വാസികൾ |

49. ഈ ഘട്ട പരീക്ഷാ പാഠഭാഗത്തിലെ അദ്ധ്യായങ്ങളുടെ പേരുകളിൽ എത്ര നാടിൻെറ പേരുകളുണ്ട്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 1 | B | 2 | C | 3 | D | 4 |

50. "ഒരു മനുഷ്യനും അവൻെറ ഉള്ളിൽ രണ്ട് ഹൃദയം ഏർപ്പെടുത്തിയിട്ടില്ല", എന്നുവെച്ചാൽ?

| | |
|---|---|
| A | ഒരേ വിഷയത്തെ കുറിച്ച് രണ്ടഭിപ്രായം ഉണ്ടാകരുത്. |
| B | ഒരേസമയത്ത് ഒരേകാര്യങ്ങളിൽ രണ്ട് വ്യത്യസ്ത തരം അഭിപ്രായം ഉണ്ടായിക്കൂടാ. |
| C | ഒരു ഹൃദയത്തിൽ ഒരേ കാര്യത്തിൽ വ്യത്യസ്ത അഭിപ്രായം ഉണ്ടാകാം. |
| D | ഒരേ സമയത്ത് ഒരു കാര്യത്തിലും രണ്ടഭിപ്രായം പറയരുത്. |

51. ദിക്ർ ذكر എന്ന വാക്കിൻെറ അർഥത്തിൽ പെടാത്തതേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സ്മരിക്കുക | B | നിരൂപിക്കുക | C | ധ്യാനിക്കുക | D | ദാനം ചെയ്യുക |

52. ഉപ്പ് ജലാശയങ്ങളും ശുദ്ധജലാശയങ്ങളും സമമല്ല, പക്ഷേ, നല്ല മാംസവും യാത്രാസൗകര്യങ്ങളും ആഭരണങ്ങളും അവയിലുണ്ട്! .... അതിനാൽ നിങ്ങൾക്ക് (ഫാതിർ:12)

| | | | |
|---|---|---|---|
| A | പുതുമാംസം ഭക്ഷിക്കാം | B | മുത്തും പവിഴവും ആഭരണമായി ധരിക്കാം |
| C | നന്ദിയുള്ളവരായിത്തീരാം | D | കടൽയാത്ര ചെയ്ത് ലോകം കാണാം |

53. "സത്യവിശ്വാസികൾക്ക് വിചാരണദിവസം എത്ര സമയമായി അനുഭവപ്പെടുമെന്നാണ് ഹദീസിൽ വന്നിട്ടുള്ളത്?

| | | | |
|---|---|---|---|
| A | കണ്ണ് ഇമവെട്ടുന്നസമയം | B | നമസ്കാരം നിർവ്വഹിക്കുന്നത്ര സമയം |
| C | ഒരുരാവും പകലും അനുഭവപ്പെടുന്നത്ര | D | കൂജയിൽ നിന്ന് ജലം പുറത്തുപോകുന്നത്ര |

54. അല്ലാഹു പറഞ്ഞു: "ആദമിൻെറ പുത്രൻ എന്നെ ശല്യപ്പെടുത്തുന്നു" (ഹദീസ് ഖുദ്സി) കാരണമെന്ത്?

| | |
|---|---|
| A | അല്ലാഹുവിനെ നിഷേധിക്കുന്നത് നിമിത്തം. |
| B | കാലത്തെ പഴിക്കുന്നത് നിമിത്തം. |
| C | പ്രവാചകനെ കളവാക്കിയത് നിമിത്തം. |
| D | ഖബർശിക്ഷ നിഷേധിച്ചത് നിമിത്തം. |

55. അല്ലാഹുവിനെ സൂക്ഷിക്കുക; നേരെചൊവ്വേ വാക്കുകൾ പറയുക; (അഹ്സാബ്: 70-71) എങ്കിൽ

| | |
|---|---|
| A | നിങ്ങൾ ഉത്തമ സമുദായമായി മാറും; നിങ്ങൾക്ക് പൊറുത്ത് തരും |
| B | നിങ്ങൾ പരലോകത്ത് ശുപാർശ ചെയ്യപ്പെടുന്ന മഹാന്മാരിൽ ഉൾപ്പെടും |
| C | നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കുകയും പാപങ്ങൾ പൊറുത്തുതരികയും ചെയ്യും |
| D | നിങ്ങളുടെ തിന്മകൾ പൊറുക്കപ്പെടുകയും മാന്യന്മാരിലുൾപ്പെടുത്തുകയും ചെയ്യും |

56 - 59 ചേരുംപടി ചേർക്കുക (ഒഴിഞ്ഞ കോളത്തിൽ ശരിയായ നമ്പർ എഴുതുക) ½ മാർക്ക് വീതം

| | | | |
|---|---|---|---|
| 1 | മാരിയ(റ) | | സ്വയം നബിക്ക് ദാനം ചെയ്തു. |
| 2 | ഉമ്മുസലമ(റ) | | തന്റെ ദിവസം മറ്റൊരു ഭാര്യയ്ക്കായി ദാനം ചെയ്തു. |
| 3 | സഫിയ്യ | | നബിയുടെ മരണശേഷം ആദ്യമായി മരണപ്പെട്ടു. |
| 4 | ഖൗലത്(റ) | | നാല് അനാഥകളുടെ മാതാവ് - |
| 5 | സൗദ(റ) | | നബി വിവാഹമോചനം ചെയ്തു തിരിച്ചെടുത്തു. |
| 6 | സൈനബ്(റ) | | അടിമ മോചനം മഹ്റായി നൽകി. |
| 7 | ഹഫ്സ(റ) | | മുഖൗഖിസ് ദാനം നൽകി. |
| 8 | ഖദീജ(റ) | | മരണ വർഷം ദു:ഖ വർഷമായി. |

60. "നിനയ്ക്കൊരുപകാരം ചെയ്യാൻ വേണ്ടി സമൂഹം മുഴുവൻ ഒരുമിച്ചുചേർന്നാലും അല്ലാഹു നിനയ്ക്ക് നിശ്ചയിച്ച് തന്നതല്ലാത്ത ഒരുപകാരവും അവർ ചെയ്യുകയില്ല. നിനയ്ക്ക് ഏതെങ്കിലും ഒരു ഉപദ്രവം ചെയ്യാൻ അവർ ഒരുമിച്ചുചേർന്നാലും അല്ലാഹു നിൻെറ പേരിൽ നിശ്ചയിച്ചിട്ടുള്ളതല്ലാതെ അവർ ഉപദ്രവം ചെയ്യുകയില്ല". ഇത് നബി(സ) പറഞ്ഞത് ആരോടായിരുന്നു?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇബ്നുഅബ്ബാസ് | B | ഇബ്നുഉമർ | C | അബൂബക്കർ | D | ആയിശ |

61"............നിങ്ങളെല്ലാം ഫകീറുകളാണ്" (ഫാതിർ:15). ആരോടാണ് സംബോധന?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അനറബികൾ | B | മനുഷ്യർ | C | നിഷേധികൾ | D | വേദക്കാർ |

62. "ജനങ്ങളിൽ വെച്ച് ഖിയാമത് നാളിൽ എന്നോട് ഏറ്റവും ബന്ധപ്പെട്ടവൻ ______ (ഹദീസ്)

| | |
|---|---|
| A | യതീമുകളെ സ്നേഹിച്ച് സംരക്ഷിക്കുന്നവരാകുന്നു. |
| B | എൻെറ കുടുംബത്തേയും സ്വഹാബികളേയും സ്നേഹിക്കുന്നവരാകുന്നു. |
| C | എൻെറ ജന്മദിനം ആഘോഷിക്കുകയും എന്നെ' വിളിച്ചു തേടുന്നവരുമാകുന്നു. |
| D | എൻെറമേൽ കൂടുതൽ സ്വലാത് ചൊല്ലുന്നവരാകുന്നു. |

63. "ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിൻെറ ______ഉം ധനവും അഭിമാനവും നിഷിദ്ധമാകുന്നു" (നബിവചനം)

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇണ | B | ജീവിതരഹസ്യം | C | ജീവൻ | D | രക്തം |

64. "അല്ലാഹുവിൻെറ അടിയാന്മാരിൽ അറിവുള്ളവർ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ" (ഫാതിർ:28). ഏതാണ് ആ അറിവ്?

| | |
|---|---|
| A | മതപരമായ വിഷയങ്ങളിൽ അഗാധമായ അറിവ്. |
| B | അല്ലാഹുവിനെ ഭയപ്പെടാൻ ഉപയുക്തമായ അറിവ്. |
| C | ഖുർആനിനേയും ഹദീസിനേയും കുറിച്ചുള്ള അറിവ്. |
| D | ഐഹികവും പാരത്രികവുമായ വ്യക്തമായ അറിവ്. |

65. പ്രകൃതി മതത്തിലേക്ക് വരുവാൻ ആഹ്വാനം ചെയ്തതോടൊപ്പം അവരിൽ നിശ്ചയിച്ച നിഷേധാത്മകമായ നിബന്ധന ഏത്?

| | | | |
|---|---|---|---|
| A | നമസ്കാരം നിലനിർത്തുക | B | പശ്ചാത്തപിച്ച് മടങ്ങുക. |
| C | അല്ലാഹുവിനെ സൂക്ഷിക്കുക. | D | പങ്കുചേർക്കുന്നവരിൽ പെടാതിരിക്കുക |

66. അല്ലാഹുവിൻെറ അടിമകൾ മൂന്നുതരം: 1. തങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചവർ 2. മിതത്വം പാലിക്കുന്നവർ 3. സൽകർമ്മങ്ങളുമായി മുൻകടന്നവർ (ഫാതിർ:32). സ്വർഗത്തിൽ പട്ടുംവളയും നൽകപ്പെടുന്നത് ഇവരിൽ ആർക്ക്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 1ാം വിഭാഗം | B | 2,3 വിഭാഗങ്ങൾ | C | 3ാം വിഭാഗം | D | 1,2,3 വിഭാഗങ്ങൾ |

67. വിശുദ്ധ ഖുർആനിലെ എട്ടുകാലി വലയുടെ ഉദാഹരണത്തിൽ നിന്നുള്ള ഗുണപാഠമെന്ത്?

| | |
|---|---|
| A | ഒരിക്കലേ വീടുപണിയൂ, അതിനാൽ പണിയുമ്പോൾ അത് ഉറപ്പും ഭംഗിയും ഉള്ളതാകണം. |
| B | വീടു പണിയേണ്ടത് ചൂടും തണുപ്പും കാറ്റും മഴയും തടുക്കുന്ന വിധമാകണം. |
| C | വീടുണ്ടാക്കുന്നതുപോലെ പ്രധാനമാണ് പ്രാർഥനയും ജീവിതമാർഗം ഉണ്ടാക്കിവെക്കലും |
| D | രക്ഷ നൽകുന്ന അല്ലാഹുവിനോട് മാത്രമേ പ്രാർഥിച്ചതുകൊണ്ട് ഫലമുള്ളൂ. |

68. "ഞങ്ങളിൽ നിന്നും ദു:ഖം നീക്കിയ അല്ലാഹുവിന് സ്തുതി", ആരുടെ സ്തുതി വചനമാണിത്?

| | | | |
|---|---|---|---|
| A | സത്യവിശ്വാസികളായി മരണപ്പെടുന്നവർ | B | സ്വർഗസ്ഥരായ സത്യവിശ്വാസികൾ |
| C | ഖന്തഖിൽ യുദ്ധം കൂടാതെ വിജയിച്ചവർ | D | ഖബർ വിചാരണ കഴിഞ്ഞവർ |

69. നമ്മുടെ നാട്ടിൽ ചിലരെ 'സയ്യിദുകൾ' 'തങ്ങന്മാർ' എന്ന് വിളിക്കപ്പെടാൻ യഥാർഥ കാരണം?

| | |
|---|---|
| A | മുസ്ലിമാകാൻ കാരണക്കാരായ മതപ്രചാരകരുടെ പേരിനോട് ചേർത്തതിനാൽ. |
| B | നബി(സ)യുടെ കുടുംബത്തിൽ പിൻതലമുറക്കാരായി വന്നതിനാൽ. |
| C | സ്വന്തം പിതാമഹന്മാരുടെ പേരും തറവാടും മറച്ചുവെക്കേണ്ടിവന്നതിനാൽ. |
| D | നബി(സ)യുടെ കുടുംബവുമായി അകന്ന ബന്ധമുള്ളതിനാൽ. |

70. ഉലുൽ അസ്മ് (ദൃഢചിത്തതയുള്ള) പ്രവാചകന്മാർ(عليهم السلام) ആരെല്ലാം?

| | | | |
|---|---|---|---|
| A | ഈസ, മൂസ, ഇബ്രാഹിം, ഹൂദ്, മുഹമ്മദ് | B | ഈസ, മൂസ, ഇബ്രാഹിം, നൂഹ്, മുഹമ്മദ് |
| C | ഈസ, മൂസ, ഇബ്രാഹിം, ഹൂദ്, ലൂത്ത് | D | ഈസ, മൂസ, ഇബ്രാഹിം, ലൂത്ത്, മുഹമ്മദ് |

71. "നഷ്ടപ്പെട്ട് പോകുന്നതേ അല്ലാത്ത ഒരു വ്യാപാരമത്രെ അവർ ആഗ്രഹിക്കുന്നത" (ഫാതിർ:29)" അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം?

| | |
|---|---|
| A | ഖുർആൻ പാരായണം, നമസ്കാരം, പരസ്യവും രഹസ്യവുമായ ദാനധർമം. |
| B | സത്യവിശ്വാസം, സൽകർമം, നന്മ-തിന്മ ബോധനം |
| C | സത്യസാക്ഷ്യം, നമസ്കാരം, നോമ്പ്, സകാത്, ഹജ്ജ് |
| D | ഖുർആൻ പാരായണം, നമസ്കാരം, സകാത്, നോമ്പ് |

72. ഖുർആൻ പാരായണം അർഥം അറിഞ്ഞും ഉള്ളടക്കം ശ്രദ്ധിച്ചും കൊണ്ടാകണം. അപ്പോൾ അതുവഴി അറിവും ബോധവും ലഭിക്കുന്ന വിഭാഗമേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | പണ്ഡിതന്മാർ | B | പാമരന്മാർ | C | പഠിതാക്കൾ | D | മനുഷ്യർ |

73. ശത്രുക്കൾ അതിശക്തമായി വലയം ചെയ്തപ്പോൾ സത്യവിശ്വാസികൾ പറഞ്ഞു: "അല്ലാഹുവും റസൂലും നമ്മോട് വാഗ്ദാനം ചെയ്തതാണിത്....അല്ലാഹുവും റസൂലും സത്യമാണ് പറഞ്ഞത്. അവർക്ക് പൂർവ്വാധികം ധീരതയും ആവേശവും ഉളവായി", വാഗ്ദാനം എന്തായിരുന്നു?

| | |
|---|---|
| A | കപടവിശ്വാസികൾ നിലപാട് മാറ്റിയില്ലെങ്കിൽ നശിപ്പിക്കപ്പെടും. |
| B | മുസ്ലിംകൾക്ക് പലപരീക്ഷണങ്ങളും ഉണ്ടാകും, ഒടുവിൽ വിജയം നേടും |
| C | മലക്കുകളെ ഇറക്കിക്കൊണ്ട് മുസ്ലിംകൾക്ക് പ്രതിരോധനിര സൃഷ്ടിക്കും |
| D | പോരാട്ടം കൂടാതെ യുദ്ധം ശുഭകരമായി പര്യവസാനിക്കും. |

74. സുലൈമാൻ നബിയുടെ സാമ്രാജ്യത്തിന്റെ തലസ്ഥാനം ഏതായിരുന്നു?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഡമസ്കസ് | B | കാബൂൾ | C | ഫലസ്തീൻ | D | ഇസ്ഖന്തറിയ |

75. "എന്റെ അറിവും താങ്കളുടെ അറിവും സൃഷ്ടികളുടെ എല്ലാം കൂടിയുള്ള അറിവും ചേർന്നാലും അല്ലാഹുവിന്റെ അറിവിനെ അപേക്ഷിച്ച് ഈ കുരുവിയുടെ കൊക്ക് സമുദ്രത്തിൽ വരുത്തിയ കുറവുപോലെയല്ലാതെ അതിൽ കവിഞ്ഞൊന്നും അതിൽ കുറവ് വരുത്തുകയില്ല", ആര് ആരോട് പറഞ്ഞതാണിത്?

| | | | |
|---|---|---|---|
| A | മൂസാനബി(അ) ഖിള്ർ(അ)യോട് | B | ജിബ്രീൽ(അ) മൂസാനബി(അ)യോട് |
| C | ഖിള്ർ(അ) മൂസാനബി(അ)യോട് | D | ജിബ്രീൽ(അ) മുഹമ്മദുനബി(സ)യോട് |

76-85. ലുഖ്മാൻ(റ)യുടെ താഴെ പറയുന്ന ഉപദേശങ്ങളെ ശരിയായ ക്രമപ്രകാരം അക്ഷരങ്ങൾ എടുത്തെഴുതുക.

| | |
|---|---|
| A | അല്ലാഹുവിൽ പങ്കുചേർക്കാതിരിക്കുക. |
| B | ശബ്ദം താഴ്ത്തുക. |
| C | നടത്തത്തിൽ മിതത്വം പാലിക്കുക. |
| D | മനുഷ്യരിൽ നിന്നും മുഖം തിരിക്കാതിരിക്കുക. |
| E | അഹന്തയോടെ ഭൂമിയിൽ കൂടി നടക്കരുത്. |
| F | നമസ്കാരം നിലനിർത്തുക. |
| G | തിന്മ വിരോധിക്കുക. |
| H | നിനയ്ക്ക് സംഭവിക്കുന്ന ആപത്തുകളിൽ ക്ഷമ അവലംബിക്കുക. |
| I | ആകാശ ഭൂമിയിലുള്ള യാതൊന്നിനേയും കൊണ്ടുവരാൻ കഴിവുള്ളവനാകുന്നു അല്ലാഹു |
| J | നന്മ കൽപ്പിക്കുക. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

86. മദ്‌യൻ പ്രദേശത്തേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനേത്?

| | |
|---|---|
| ഇബ്രാഹീം നബി(അ) | ഇസ്ഹാക്ക് നബി(അ) |
| ശുഐബ് നബി(അ) | യഅ്ഖൂബ് നബി(അ) |

87. "فَإِنَّكَ لَا تُسْمِعُ الْمَوْتَىٰ" (ഫഇന്നക ലാ തുസ്മിഉൽ മൗതാ) "നബിയേ എന്നാൽ മരണപ്പെട്ടവരെ നീ കേൾപ്പിക്കുകയില്ല" (റൂം:53), ഇതിലൂടെ നാം ഗ്രഹിക്കേണ്ട യാഥാർഥ്യം?

| | |
|---|---|
| A | മരിച്ചവരെ എവിടെ നിന്ന് വിളിച്ചാലും കേൾക്കും |
| B | മരിച്ചവരും ജീവിച്ചിരിക്കുന്നവരും കേൾക്കും |
| C | മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾ കേൾക്കും. |
| D | മരിച്ചവരെ കേൾപ്പിക്കാൻ ഈ ലോകത്ത് ഒരാൾക്കും സാധ്യമല്ല |

88. നബി(സ) പറഞ്ഞു: എനിക്കറിയാവുന്നത് നിങ്ങൾക്കറിയാമായിരുന്നെങ്കിൽ നിങ്ങൾ അൽപ്പം ചിരിക്കുകയും ധാരാളം കരയുകയും ചെയ്യുമായിരുന്നു". മറ്റുള്ളവരേക്കാൾ നബി(സ)ക്കുണ്ടായിരുന്ന അറിവ് എന്തിനെ കുറിച്ചായിരുന്നു?

| | | | |
|---|---|---|---|
| A | അല്ലാഹുവിനെ കുറിച്ച് | B | ഖുർആനെകുറിച്ച് |
| C | പരലോകത്തെ കുറിച്ച് | D | നരകശിക്ഷയെ കുറിച്ച് |

89. "മൺമറഞ്ഞുപോയ മഹാന്മാരോടുള്ള ദുആ (ശിർക്ക്) കൊണ്ട് യാതൊരു ഫലവുമില്ല" സൂറത് ഫാതിറിൽ നിരത്തുന്ന കാരണങ്ങളിൽ പെടാത്തത് ഏത്?

| | |
|---|---|
| A | നിങ്ങളുടെ പ്രാർഥനകൾ അവർ കേൾക്കുകയില്ല. |
| B | (അഥവാ) കേട്ടാലും ഉത്തരം ചെയ്യുകയില്ല. |
| C | പരലോകത്ത് നിങ്ങളുടെ ബഹുദൈവാരാധനയെ അവർ നിഷേധിക്കും. |
| D | അവരുടെ കാര്യം തന്നെ രക്ഷയോ ശിക്ഷയോ എന്നറിയാതെ വിഷമിക്കുന്നവരാണവർ |

90. അല്ലാഹുവിൻെറ കോടതിയിൽ "കുറ്റം വഹിക്കുന്ന ഒരുദേഹവും മറ്റൊന്നിൻെറ കുറ്റം വഹിക്കുകയില്ല............ അത് അടുത്ത ബന്ധമുള്ളവരായിരുന്നാലും ശരി" (ഫാതിർ:18), അതിനാൽ പരലോക രക്ഷ ആഗ്രഹിക്കുന്നവർ...............?

| | |
|---|---|
| A | എല്ലാ ഔലിയാക്കളോടും ഒന്നിച്ച് ശുപാർശ തേടണം. |
| B | എല്ലാ നബിമാരെക്കൊണ്ടും ഇടതേടണം. |
| C | ഏതെങ്കിലും ത്വരീഖത്തിലൂടെ അല്ലാഹുവിലേക്ക് അടുക്കണം. |
| D | എല്ലാ ഓരോ വ്യക്തിയും സ്വയം പരിശുദ്ധി നേടണം. |

91. മതത്തിൽ ദൃഢതയുണ്ടാകുന്നതനുസരിച്ച് വിശ്വാസികൾ ..............

| | | | |
|---|---|---|---|
| A | പരീക്ഷണത്തിൽ നിന്നും രക്ഷപ്പെടും | B | പരീക്ഷണത്തിൽ കുറവ് നൽകപ്പെടും |
| C | പരീക്ഷണത്തിൽ വർദ്ധനവുണ്ടാകും | D | പരീക്ഷണത്തിൽ നിന്നും മുക്തമാകും |

92. "തനിക്ക് തന്നേക്കാൾ ഇഷ്ടപ്പെട്ടവൻ ഞാനാകണം", എന്ന് നബി(സ) ആരോടാണ് പറഞ്ഞത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അബൂബക്കർ(റ) | B | ഉമർ(റ) | C | ഉസ്മാൻ(റ) | D | അലി(റ) |

93. ദാവൂദ് നബി(അ)യുടെ കുടുംബത്തിന് ലഭിച്ച അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടാത്തതേത്?

| | | | |
|---|---|---|---|
| A | തൃപ്തിയിലും കോപത്തിലും നീതിപാലനം | B | ദാരിദ്ര്യത്തിലും സമ്പന്നതയിലും മിതവ്യയം |
| C | രഹസ്യത്തിലും പരസ്യത്തിലും ദൈവഭയം | D | ശക്തിയിലും സ്വാധീനത്തിലും സഹനം |

94. "എന്നെപ്പറ്റി വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ", ആരാണ് 'ഞാൻ'?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അല്ലാഹു | B | മുഹമ്മദുനബി(സ) | C | ജിബ്‌രീൽ(സ) | D | വലിയ്യുല്ലാഹി |

95. മുഹമ്മദുനബി(സ) നിയോഗിക്കപ്പെട്ട സമൂഹമേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മക്കയും പരിസരവും | B | അറബ് ജനത | C | മുസ്‌ലികൾ | D | സർവ്വമനുഷ്യരും |

96. വെള്ളിയാഴ്ച സുബ്ഹിന് നബി(സ) ഓതാറുള്ള ഈ പാഠ്യഭാഗത്തിലെ ഖുർആൻ അധ്യായം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇൻസാൻ | B | സബഅ് | C | സജദ | D | ഫാത്വിർ |

97. "ഞാൻ പേടിച്ച് നടുങ്ങി നിലത്ത് വീഴാൻ പോയി", "ഞാൻ എന്നെപ്പറ്റി ഭയപ്പെട്ടുപോയി", എന്നിങ്ങനെ നബി(സ) പ്രസ്താവിച്ചത് എപ്പോഴായിരുന്നു?

| | | | |
|---|---|---|---|
| A | ശത്രുസൈന്യത്തെ കണ്ടുമുട്ടിയപ്പോൾ | B | സൗർഗുഹക്ക് മുമ്പിൽ ശത്രുക്കളെത്തിയപ്പോൾ |
| C | ജിബ്രീൽ(അ)മിനെ കണ്ടുമുട്ടിയപ്പോൾ | D | ഖൻദഖിൽ കാറ്റടിച്ചപ്പോൾ |

98. "ഒരുസമുദായവും അതിൽ ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാതെയിരുന്നിട്ടില്ല" (ഫാത്വിർ:24) എത്ര പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചു?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 25 | B | 40 | C | എണ്ണമറിയില്ല | D | 1,24000 |

99. "അവൻ എന്നെഓർത്താൽ ഞാൻ അവൻെറ കൂടെയുണ്ടായിരിക്കും, അവൻ സ്വയം എന്നെഓർത്താൽ ഞാൻ അവനേയും ഓർക്കും, ഒരു സംഘത്തിൽ അവൻ എന്നെ ഓർത്താൽ......." (ഹദീസ്)

| | |
|---|---|
| A | മറ്റൊരുസംഘത്തിൽ ഞാൻ അവനേയും ഓർക്കും |
| B | വിചാരണദിവസം ഞാൻ അവനേയും ഓർക്കും. |
| C | സംഘങ്ങളായി നയിക്കുമ്പോൾ ഞാനവൻെറ കൂടെയുണ്ടാകും. |
| D | അവരേക്കാൾ ഉത്തമമായ സംഘത്തിൽ വെച്ച് ഞാനവനെ ഓർക്കും. |

100. "മൗനം ഒരു വിജ്ഞാനമാണ്, അത് പ്രവർത്തനത്തിൽ വരുത്തുന്നവർ കുറവാണ്", ആരുടെ പ്രസ്താവനയാണിത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മുഹമ്മദുനബി(സ) | B | ലുഖ്മാൻ(അ) | C | ഖുർആൻ | D | ജാബിർ(റ) |

***********************************